# കേരളസർവകലാശാല

നം.പി.ആർ.105/2021

## പത്രക്കുറിപ്പ്

### ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്: സീറ്റ് ഒഴിവ്

കേരളസർവകലാശാല അറബി വിഭാഗം നടത്തുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) മൂന്നാം ബാച്ചിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ മെയ് 25 ന് മുൻപായി നിർദ്ദിഷ്ട അപേക്ഷാഫോമിൽ അപേക്ഷിക്കുക. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, പ്രിലിമിനറി അറബിക്, മുൻഷി അറബിക്, അറബിക് ടീച്ചേഴ്സ് എക്സാമിനേഷൻ, ഡിഗ്രി (അറബിക് രണ്ടാം ഭാഷയായിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം/ഫാളിൽ). സീറ്റുകൾ:15, വിശദവിവരങ്ങൾ www.arabicku.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0471 2308846, 9562722485

### വെബിനാർ സംഘടിപ്പിച്ചു

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം "Career Guidance- Higher Studies in Europe" എന്ന വിഷയത്തിൽ ഇന്റർനാഷണൽ വെബിനാർ സംഘടിപ്പിച്ചു. പ്രസ്തുത വെബിനാർ മെയ് 15 ന് ഉച്ചയ്ക്ക് 1.30 ന് സിൻഡിക്കേറ്റംഗം ഡോ.കെ.ജി.ഗോപ്ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ.ബിഷാറത്തു ബീവി. എ അദ്ധ്യക്ഷത വഹിച്ചു. സർവകലാശാല രജിസ്ട്രാർ ഡോ.കെ.എസ്.അനിൽകുമാർ ആശംസകൾ അറിയിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
19.05.2021